"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ് - രാജിവ് ഗാന്ധി ഉപഭോക്തൃ സംരക്ഷണ പുരസ്കാരം, 2022, 2023- അർഹരായ ഉപഭോക്തൃ സംഘടനകളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.1/2025/CAD    തീയതി,തിരുവനന്തപുരം, 01-01-2025

---

പരാമർശം:- 1. 27-02-2008 ലെ സ.ഉ.(സാധാ)നം.18/2008/സിഎഡി.നമ്പർ ഉത്തരവ്.

2. 28 .11 .2024 -ലെ CA3 /28 /2024 -CAD നമ്പർ വിജ്ഞാപനം.

3. പുരസ്കാര നിർണ്ണയ സമിതിയുടെ 19 -12 -2024 -ലെ നടപടി ക്രമം.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കുന്ന ഉപഭോക്തൃ സന്നദ്ധ സംഘടനകൾക്ക്, അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ പുരസ്കാരം നല്കി വരുന്നു. പ്രസ്തുത പുരസ്ക്കാരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് അർഹമാകുന്ന സംഘടനകൾക്ക് യഥാക്രമം, 50,000/- രൂപ ,30,000/- രൂപ , 20,000/- രൂപ എന്നിങ്ങനെ നല്കി വരുന്നു.

2022, 2023 -വർഷങ്ങളിലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്ത സംരക്ഷണ പുരസ്കാരത്തിനായി ലഭ്യമായ അപേക്ഷകൾ പുരസ്കാര നിർണ്ണയ സമിതി വിശദമായി പരിശോധിക്കുകയും ഓരോ സംഘടനയും തൻവർഷം നടത്തിയ ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, താഴെ പറയുന്ന സംഘടനകളെ 2022, 2023 വർഷങ്ങളിലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ പുരസ്കാരത്തിന് തെരഞ്ഞെടുക്കുകയും ചെയ്തു

2022

| | | |
|---|---|---|
| ഒന്നാം സമ്മാനം | തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ സമിതി, തിരുവനന്തപുരം | ₹ 50,000/- |
| രണ്ടാം സമ്മാനം | കോൺഫെഡറേഷൻ ഓഫ് കൺസ്യൂമർ വിജിലൻസ് സെന്റർ, തിരുവനന്തപുരം | ₹ 30,000/- |

| | | |
|---|---|---|
| മൂന്നാം സമ്മാനം | കേരള സ്റ്റേറ്റ് കൺസ്യൂമർ കൗൺസിൽ ,കൊല്ലം | ₹20,000/- |

2023

| | | |
|---|---|---|
| ഒന്നാം സമ്മാനം | തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ സമിതി, തിരുവനന്തപുരം | ₹ 50,000/- |
| രണ്ടാം സമ്മാനം | കോൺഫെഡറേഷൻ ഓഫ് കൺസ്യൂമർ വിജിലൻസ് സെന്റർ, തിരുവനന്തപുരം | ₹ 30,000/- |
| മൂന്നാം സമ്മാനം | കേരള സ്റ്റേറ്റ് കൺസ്യൂമർ കൗൺസിൽ ,കൊല്ലം | ₹20,000/- |

സർക്കാർ പുരസ്കാര നിർണ്ണയ സമിതിയുടെ മേൽ ശിപാർശ പരിശോധിക്കുകയും, അംഗീകരിക്കുകയും, മേൽപ്പറഞ്ഞ സംഘടനകളെ യഥാക്രമം പുരസ്കാര ജേതാക്കളായി അംഗീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു. പുരസ്കാര ജേതാക്കൾക്ക് പുരസ്കാരവും, സമ്മാനതുകയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പൊതുവിതരണ ഉപഭോക്ത കാര്യ കമ്മീഷണർ, തിരുവനന്തപുരം.
ലീഗൽ മെട്രോളജി കൺട്രോളർ, തിരുവനന്തപുരം.
സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്ത തർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം.
തിരുവനന്തപുരം ജില്ലാ ഉപഭോക്തൃ സമിതി, തിരുവനന്തപുരം.
കോൺഫെഡറേഷൻ ഓഫ് കൺസ്യൂമർ വിജിലൻസ് സെന്റർ, തിരുവനന്തപുരം.
കേരള സ്റ്റേറ്റ് കൺസ്യൂമർ കൗൺസിൽ ,കൊല്ലം
ഡയറക്ടർ, ഐ &പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (സി എ 3/28/2024/സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ